വരുന്നുണ്ട്. എന്നാൽ പുതിയ അപേക്ഷകൾ സ്വീകരിക്കുന്നില്ല. കൂടാതെ ദുർബല വിഭാഗങ്ങൾക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് വായ്പയും ധനസഹായവും നൽകുന്നതിനുള്ള ഒരു പുതിയ പദ്ധതി ഭവന നിർമ്മാണ ബോർഡ് ആവിഷ്ക്കരിച്ചുവരുന്നുണ്ട്.

(ബി) ഉണ്ട്.

(സി&ഡി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന മുൻകൂട്ടി വാങ്ങിയിട്ടുള്ള പണം തിരികെ നൽകാൻ നടപടി സ്വീകരിച്ചുവരുന്നു.

(ഇ) 1582 കേസുകൾ ഉണ്ട്.

നൂറനാട് വില്ലേജിലെ ഏതാനും വീടുകൾ നൂറനാട് പഞ്ചായത്തിൽ ഉൾപ്പെടുത്തുന്നതിന് നടപടി

29 (1339) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിലെ നൂറനാട് വില്ലേജിൽപ്പെട്ട പാലമേൽ പഞ്ചായത്തിൽ ഉൾപ്പെടുന്ന ഏലിയാസ് നഗറിലെ വീടുകൾ നൂറനാട് പഞ്ചായത്തിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ;

(ബി) കരിങ്ങാലിപുഞ്ചയുടെ തീരത്തുള്ള കിടങ്ങയം കരയുടെ ഭാഗത്തായി ഏലിയാസ് നഗറിലേക്ക് തള്ളിനിൽക്കുന്ന പ്രസ്തുത പ്രദേശം നൂറനാട് വില്ലേജിൽ ഉൾപ്പെടുത്തുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ&ബി) ആലപ്പുഴ ജില്ലാ കളക്ടറുടെ വ്യക്തമായ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭിച്ചശേഷം ഇക്കാര്യം പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

സംസ്ഥാനത്തുനടത്തിയ മരാമത്ത് പണികൾ

30 (1340) ശ്രീ. ഉമേഷ് ചള്ളിയിൽ :

ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്രകോടി രൂപയുടെ മരാമത്ത് പണികൾ പി.ഡബ്ലിയു.ഡി.യുടെ കീഴിൽ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ഏതൊക്കെ ഏജൻസികളിൽ നിന്നാണ് ഫണ്ട് ലഭ്യമാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly